2064
24/1/18

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം-സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾ- അനുപാതം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.6/2018/പൊവിവ          തീയതി, തിരുവനന്തപുരം 23/01/2018**

---

പരാമർശം:- 1. സ.ഉ (കൈ) നം. 120/99/പൊവിവ തീയതി 25/05/1999.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22-6-2017-ലെ എ 3/32674/2017/ഡിപിഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ സയൻസ്/സോഷ്യൽ സ്റ്റഡീസ്/ലാംഗ്വേജ് തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകൾ 50% / 40% / 30% എന്നീ ക്രമത്തിലാണ്. ഈ തസ്തികകളിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം വഴി നിയമനത്തിന് നിശ്ചയിച്ച ഒഴിവുകളുടെ ക്വാട്ട 30% വീതവുമാണ്.

ലാംഗ്വേജ് തസ്തികയിലേയ്ക്ക് ശതമാനം കുറഞ്ഞുപോയത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുകയും ഒന്നാമത് പരാമർശിച്ച ഉത്തരവിലെ നിയമന അനുപാതം സംബന്ധിച്ച വ്യവസ്ഥകൾ പുന:പരിശോധിക്കേണ്ട സാഹചര്യം നിലവിലുണ്ടെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മറ്റെല്ലാ വകുപ്പുകളിലും സ്ഥലംമാറ്റം സംബന്ധിച്ച് അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങുന്ന 2-12-1991 ലെ ജി.ഒ (പി) നം. 36/1991/ഉ.ഭ.പ.വ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കി വയ്ക്കാവുന്ന ഒഴിവുകൾ (ഓരോ വകുപ്പിനും ഓരോ വർഷവും ഓരോ കാറ്റഗറിയിലും ഉണ്ടാകുന്ന മൊത്തം ഒഴിവുകളുടെ) 10% കവിയാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലും പി.എസ്.സി വഴി നിയമനം നടത്തേണ്ടതാണെന്ന 26-5-2008 ലെ ജി.ഒ (എം.എസ്) 95/2008/പൊ.വി.വ നിലവിലിരുന്നിട്ടും പല വിദ്യാഭ്യാസ ഓഫീസർമാരും ഈ തസ്തികകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാറില്ലെന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഒന്നാമത് പരാമർശിച്ച ഉത്തരവിലെ അനുപാതക്രമമനുസരിച്ച് നടത്തപ്പെടുന്ന നേരിട്ടുള്ള നിയമനങ്ങളുടെ എണ്ണം കുറയുകയും(ഉദാ: ഭാഷാവിഷയം-30%) ഡിപ്പാർട്ടുമെന്റൽ ക്വാട്ട കൂടിയിരിക്കുകയും (ഉദാ: ഭാഷാവിഷയം 70%) ചെയ്യുന്നതുമൂലം സർക്കാർ സർവ്വീസിലെ നിയമനങ്ങളിലെ സംവരണ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് കാലതാമസമുണ്ടാകുന്ന അവസ്ഥയും പരിഹരിക്കപ്പെടേണ്ടതാണെന്ന് ബോധ്യമാകുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മുകളിൽ ഒന്നാമത് പരാമർശിച്ച സർക്കാർ ഉത്തരവിലെ നിയമനാനുപാതം ചുവടെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | സയൻസ് | സോഷ്യൽസയൻസ് | ഭാഷാ വിഷയങ്ങൾ |
|---|---|---|---|
| നേരിട്ടുള്ള നിയമനം | 50% | 50% | 50% |
| അന്തർജില്ലാ സ്ഥലമാറ്റം | 25% | 25% | 25% |
| പ്രൈമറി ടീച്ചർ പ്രമോഷൻ | 15% | 15% | 15% |
| തസ്തിക മാറ്റ നിയമനം | 10% | 10% | 10% |

കൂടാതെ, മേൽ വിവരിച്ച പ്രകാരം അന്തർജില്ലാസ്ഥലംമാറ്റം, പ്രൈമറി ടീച്ചർമാരുടെ പ്രമോഷൻ, ക്ലാർക്ക്/ടൈപ്പിസ്റ്റ്/ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളിൽ നിന്നുള്ളവർക്കുള്ള തസ്തികമാറ്റം വഴിയുള്ള നിയമനം എന്നിവയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകളിൽ അതത് വർഷം തന്നെ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ഗോപാലകൃഷ്ണ ഭട്ട്.ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും / ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/
(പ്രസ് റിലീസ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ